ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ശാസ്ത്ര, കായിക രംഗങ്ങളിൽ ഇന്ത്യ മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; രാജ്യത്ത് ബഹിരാകാശ സ്റ്റാർട്ടപ്പുകൾ അതിവേഗം വളരുകയാണെന്നും മൻ കി ബാത്തിൽ പരാമർശം.

   **India is making progress in the fields of science and sports says Prime Minister Narendra Modi; Space startups are growing rapidly in the country, says PM in Mann Ki Baat.**

2. പൈതൃക സംരക്ഷണം ഓരോ പൗരന്റെയും ഉത്തരവാദിത്തമാണെന്നും, ഗ്യാൻ ഭാരതം മിഷൻ ഇതിന് മുതൽക്കൂട്ടാകുമെന്നും പ്രധാനമന്ത്രി.

   **The Prime Minister says that heritage preservation is the responsibility of every citizen, and the Gyan Bharat Mission will contribute to this.**

3. വികസിത ഭാരതത്തിലേക്കുള്ള മാർഗം സ്വാശ്രയത്വമെന്ന് പ്രധാനമന്ത്രി ; സ്വച്ഛ് ഭാരത് മിഷൻ ജനകീയ പ്രസ്ഥാനമായി മാറിയെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി.

   **The Prime Minister mention that the path to a Viksit Bharat is self-reliance; Swachh Bharat Mission becomes a people's movement says PM in Mann Ki Baat**

4. തമിഴ്നാട്ടിൽ രാജേന്ദ്ര ചോളൻ ഒന്നാമന്റെ ജന്മവാർഷിക ആഘോഷങ്ങളിൽ പ്രധാനമന്ത്രി അല്പസമയത്തിനകം പങ്കെടുക്കും.

**The Prime Minister will participate in the birth anniversary celebrations of Rajendra Chola I in Tamil Nadu shortly.**

5. കേരളത്തിൽ അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; മലയോര, നദീതീര മേഖലകളിൽ ജാഗ്രത നിർദ്ദേശം; മത്സ്യബന്ധനത്തിന് വിലക്ക്.

**IMD predicts heavy rains will continue in Kerala; Alerts issued in hilly and river side areas; Fishing ban in Kerala-Karnataka-Lakshadweep coasts**

6. ഫിഡെ ചെസ് വനിതാ ലോകകപ്പ് ഫൈനൽ രണ്ടാം റൗണ്ടിൽ ഇന്ത്യയുടെ കൊനേരു ഹംപിയും ദിവ്യ ദേശ്മുഖും ഇന്ന് ഏറ്റുമുട്ടും.

**India's Koneru Humpy and Divya Deshmukh will clash in the second round of the FIDE Women's Chess World Cup Finals today.**

**&&&&&&&&&&&&&&&&**

## MANN KI BAAT- SPACE

രാജ്യത്ത് ബഹിരാകാശ സ്റ്റാർട്ടപ്പുകൾ അതിവേഗം വളരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന്റെ നൂറ്റി ഇരുപത്തി നാലാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അഞ്ച് വർഷം മുമ്പ്, രാജ്യത്ത് 50-ൽ താഴെ സ്റ്റാർട്ടപ്പുകൾ മാത്രം ഉണ്ടായിരുന്നത് ഇപ്പോൾ 200-ലധികം ആയി ഉയർന്നു. ശുഭാൻശു ശുക്ലയുടെ ബഹിരാകാശയാത്ര ഏറെ അഭിമാനകരമായ നേട്ടമായി. ചെറിയ കുട്ടികളിൽ ഉൾപ്പെടെ ബഹിരാകാശശാസ്ത്രത്തെ കുറിച്ച് ജിജ്ഞാസ വളരാൻ ഇത് സഹായകമായി. വിദ്യാർത്ഥികളിൽ നൂതന

ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്ന INSPIRE-MANAK പരിപാടിയെക്കുറിച്ചും പ്രധാനമന്ത്രി എടുത്തുപറഞ്ഞു. ഓഗസ്റ്റ് 23 ദേശീയ ബഹിരാകാശ ദിനം ആഘോഷിക്കുന്നതിന്, പുതിയ ആശയങ്ങൾ പങ്കുവയ്ക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. അടുത്ത മാസം മുംബൈയിൽ ആസ്ട്രോണമി ആൻഡ് ആസ്ട്രോഫിസിക്സ് ഒളിമ്പ്യാഡ് നടക്കാൻ പോവുകയാണ്. ഭാരതം ഇപ്പോൾ ഒരേസമയം ഒളിമ്പിക്സിനായും ഒളിമ്പ്യാഡിനായും ഊർജിതമായി മുന്നോട്ട് പോവുകയാണെന്നും പ്രധാനമന്ത്രികൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&&&

## MANN KI BAAT -INDEPENDENCE, TEXTILE- INTRO

പന്ത്രണ്ട് മറാഠാ കോട്ടകളെ ലോക പൈതൃക കേന്ദ്രങ്ങളായി യുനെസ്കോ അംഗീകരിച്ചത് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കോട്ടകൾ, നമ്മുടെ പ്രൗഢമായ സംസ്കാരത്തിന്റെ പ്രതീകങ്ങളാണെന്ന് ശ്രീ. മോദി പറഞ്ഞു. ഈ കോട്ടകൾ സന്ദർശിക്കാനും, ചരിത്രം മനസിലാക്കാനും അദ്ദേഹം ആവശ്യപ്പെട്ടു. സ്വാതന്ത്ര്യ സമരസേനാനികളായ ഖുദിറാം ബോസ്, ലോകമാന്യ ബാല ഗംഗാധര തിലക് എന്നവർക്ക് അദ്ദേഹം ആദരമർപ്പിച്ചു. ക്വിറ്റ് ഇന്ത്യ ദിനം, വിഭജന ഭീകരത സ്മരണ ദിനം, സ്വാതന്ത്ര്യ ദിനം, ദേശീയ കൈത്തറി ദിനം എന്നിവ അഗസ്റ്റ് മാസത്തിലാണെന്ന് ഓർമപ്പെടുത്തിയ പ്രധാനമന്ത്രി, അവയോരോന്നിന്റേയും പ്രാധാന്യം അടിവരയിട്ടു. സ്വാതന്ത്ര്യ സമരത്തിന് ഖാദി കരുത്ത് പകർന്നതിന് സമാനമായി, വികസിത ഭാരതത്തിലേക്കുള്ള യാത്രയിൽ, വസ്ത്രനിർമ്മാണമേഖല ശക്തിയായി മാറുകയാണെന്ന് ശ്രീ മോദി ചൂണ്ടിക്കാട്ടി.

(ഹോൾഡ്-വോയ്സ്)

രാജ്യത്തിന്ന് മൂവായിരത്തിലധികം ടെക്സ്റ്റൈൽ സ്റ്റാർട്ടപ്പുകൾ സജീവമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

**MKB- WORLD POLICE AND FIRE GAMES (INTRO)**

World Police and Fire Games'ൽ ഇന്ത്യ അറുനൂറോളം മെഡലുകൾ നേടി എഴുപത്തിയൊന്ന് രാജ്യങ്ങളുടെ പട്ടികയിൽ മൂന്നാം സ്ഥാനത്തെത്തിയതായി പ്രധാനമന്ത്രി പറഞ്ഞു. 2029 ൽ games ഇന്ത്യയിലാണ് നടക്കുക എന്നും 'ഖേലോ ഭാരത് നയം 2025' ന് പ്രശംസയേറുന്നതായും പ്രധാനമന്ത്രി മൻ കീ ബാത്തിലൂടെ അറിയിച്ചു.

(ഹോൾഡ് വോയ്സ്......)

&&&&&&&&&&&&&&&&

**MANN KI BAAT - JHARKHAND**

മാവോയിസ്റ്റ് അക്രമങ്ങൾക്ക് പേരുകേട്ടിരുന്ന ഝാർഖണ്ഡിലെ ഗുമ്ല ജില്ലയിലുണ്ടായ മാറ്റത്തെ പറ്റി പറഞ്ഞ പ്രധാനമന്ത്രി അക്രമത്തിന്റെ വഴി ഉപേക്ഷിച്ച് മത്സ്യകൃഷിയിലേക്ക് കടന്ന ഓംപ്രകാശ് സാഹുവിൻറെ ജീവിതം ഉദാഹരണമായി പ്രതിപാദിച്ചു. 'പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന' എങ്ങനെയാണ് ബാസിയ ബ്ലോക്കിലെ നൂറ്റമ്പതിലധികം കുടുംബങ്ങളുടെ ജീവിതം മാറ്റിമറിച്ചതെന്നും പ്രധാനമന്ത്രി മൻ കീ ബാത്തിൽ ജനങ്ങളുമായി പങ്കുവയ്ച്ചു.

&&&&&&&&&&&&&&&&

**MKB- SWACHH BHARAT**

പതിനൊന്ന് വർഷം പൂർത്തിയാക്കുന്ന 'സ്വച്ഛ് ഭാരത് മിഷൻ' ഒരു ജനകീയ പ്രസ്ഥാനമായി മാറിയിരിക്കുന്നതായും ജനങ്ങൾക്ക് ശുചിത്വം ഉത്തരവാദിത്തമായി മാറിയിരിക്കുന്നതായും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ശുചിത്വ സർവേയെ പറ്റി പ്രതിപാദിച്ച ശ്രീ മോദി ഈ വർഷം രാജ്യത്തെ നാലായിരത്തി അഞ്ഞൂറിലധികം നഗരങ്ങളും ചെറുപട്ടണങ്ങളും ഇതിൽ ചേർന്നതായും പറഞ്ഞു. ഉത്തരാഖണ്ഡിലെ കീർത്തി നഗർ, അരുണാചലിൽ റോയിംഗ് എന്നിവ മാലിന്യ സംസ്കരണ രംഗത്തെ ഉത്തമ ഉദാഹരണമാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&

## MKB PM- FOLK SONGS, MANUSCRIPT -INTRO

വികസിത ഭാരതത്തിലേക്കുള്ള മാർഗം സ്വാശ്രയത്വമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. തദ്ദേശീയ ഉത്പന്നങ്ങൾ വാങ്ങാൻ അദ്ദേഹം ആഹ്വാനം ചെയ്തു. രാജ്യത്തെ വൈവിധ്യത്തിന്റെ മനോഹാരിത, നാടൻ പാട്ടുകളിലും പാരമ്പര്യങ്ങളിലും കാണാം. ഒഡീഷയിലെ കിയോഞ്ജർ ജില്ലയിൽ രാധാകൃഷ്ണ സങ്കീർത്തന മണ്ഡലി എന്ന സംഘം, കീർത്തനങ്ങളിലൂടെ കാട്ടുതീയെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നത് പ്രധാനമന്ത്രി പരാമർശിച്ചു.

(ഹോൾഡ്- വോയിസ്)

നമ്മുടെ നാടൻ പാരമ്പര്യങ്ങൾക്ക് ഇന്നും സമൂഹത്തിന് വഴികാട്ടിയാവാനുള്ള ശക്തിയുണ്ട്. പുരാതന കയ്യെഴുത്ത് രേഖകൾ ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുന്നതിനായി ആരംഭിക്കുന്ന ഗ്യാൻ ഭാരതം ദൗത്യത്തെ കുറിച്ചും ശ്രീ. മോദി മൻ കി ബാത്തിൽ സംസാരിച്ചു.

(ഹോൾഡ്- വോയിസ്)

&&&&&&&&&&&&&&&&

## MANN KI BAAT -KAAZIRANGA

കാസിരംഗ ദേശീയോദ്യാനത്തിലെ Grassland Bird Census നെക്കുറിച്ച് പരാമർശിച്ച പ്രധാനമന്ത്രി, സാങ്കേതിക വിദ്യയും സംവേദനക്ഷമതയും ഒന്നിക്കുമ്പോൾ, പ്രകൃതിയെ ആഴത്തിൽ മനസ്സിലാക്കുന്നത് എളുപ്പമാണെന്നും പറഞ്ഞു.

&&&&&&&&&&&&&&&&

## MKB CONCLUSION

ഹരിയാലി തീജ്, നാഗപഞ്ചമി, രക്ഷാബന്ധൻ, ജന്മാഷ്ടമി എന്നീ ഉത്സവങ്ങൾക്ക് ആശംസകൾ നേർന്ന്കൊണ്ടാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇത്തവണത്തെ മൻ കീ ബാത്ത് ഉപസംഹരിച്ചത്.

&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രത. ശക്തമായ കാറ്റിനും സാധ്യതയുണ്ട്. മലയോരമേഖലകളിലും നദീതീരങ്ങളിലുമുള്ളവർ ജാഗ്രത പാലിക്കണം. കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&

## RAIN- KKD, WAYANAD, PALAKKAD

കനത്ത മഴയിൽ നീരൊഴുക്ക് ശക്തമായതിനെ തുടർന്ന് കോഴിക്കോട് കക്കയം ഡാമിലെ രണ്ട് ഷട്ടറുകളും അര അടി വീതം ഉയർത്തി വെള്ളം പുറത്തേക്ക് ഒഴുക്കിവിടുന്നു. പുഴക്കരയിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം. കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ രണ്ട് ക്യാമ്പുകളിലായി 84 പേരെ മാറ്റി പാർപ്പിച്ചു. ഇടുക്കിയിൽ പൊൻമുടി, കല്ലാർകുട്ടി, മലങ്കര, ലോവർപെരിയാർ ഡാമുകൾ തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കുകയാണ്. വയനാട്ടിൽ മഴക്കെടുതികളുമായി ബന്ധപ്പെട്ട് നിരവധി കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. പാലക്കാട് പൊട്ടിവീണ വൈദ്യുതി ലൈനിൽ തട്ടി ഷോക്കേറ്റ് ഒരാൾ മരിച്ചു. കൊടുമ്പ് സ്വദേശി മാരിമുത്തുവാണ് മരിച്ചത്.

&&&&&&&&&&&&&&&&

## REV APJ KALAM- DEATH ANNIVERSARY

മുൻ രാഷ്ട്രപതിയും വിഖ്യാത ശാസ്ത്രജ്ഞനുമായ ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ ചരമവാർഷിക ദിനമായ ഇന്ന് രാഷ്ട്രം അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. ഇന്ത്യയുടെ ബഹിരാകാശ, മിസൈൽ വികസന പരിപാടികളിൽ ഡോ. കലാം നിർണായക പങ്ക് വഹിച്ചു. 'ഇന്ത്യയുടെ മിസൈൽ മാൻ' എന്നും അദ്ദേഹം അറിയപ്പെടുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി മുൻ രാഷ്ട്രപതിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. വികസിതവും ശക്തവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിന് സംഭാവന നൽകാൻ ഡോ. കലാമിന്റെ ചിന്തകൾ രാജ്യത്തെ യുവാക്കളെ പ്രേരിപ്പിക്കുന്നുവെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## PM - RAJENDRA CHOLA

തമിഴ്നാട്ടിലെ ഗംഗൈക്കൊണ്ട ചോളപുരം ക്ഷേത്രത്തിൽ നടക്കുന്ന രാജേന്ദ്ര ചോളൻ ഒന്നാമന്റെ ജന്മവാർഷിക ആഘോഷങ്ങളിൽ അല്പസമയത്തിനകം പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ചോള ചക്രവർത്തിയായ രാജേന്ദ്ര ചോളൻ ഒന്നാമന്റെ സ്മരണാർത്ഥം പ്രധാനമന്ത്രി നാണയം പുറത്തിറക്കും. ചോള ചക്രവർത്തിയുടെ ജന്മനക്ഷത്ര ദിനത്തിൽ നടക്കുന്ന ആടി തിരുവാതിര ഉത്സവത്തിലും അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&

## FIDE-DIVYA-HUMPI

ജോർജിയയിലെ ബാറ്റുമിയിൽ നടക്കുന്ന ഫിഡെ ചെസ് വനിതാ ലോകകപ്പ് ഫൈനൽ രണ്ടാം ക്ലാസിക്കൽ മത്സരത്തിൽ ഇന്ത്യയുടെ കൊനേരു ഹംപിയും ദിവ്യ ദേശ്മുഖും ഇന്ന് ഏറ്റുമുട്ടും. ആദ്യ മത്സരം ഇന്നലെ സമനിലയിൽ അവസാനിച്ചിരുന്നു. വെള്ള കരുക്കളുമായി കളിച്ച ദിവ്യ തുടക്കത്തിൽ മുൻതൂക്കം നേടിയെങ്കിലും അവസാനം വരെ പൊരുതിയ ഹംപി സമനില നേടുകയായിരുന്നു.

&&&&&&&&&&&&&&&&

## CRICKET

ഇംഗ്ലണ്ടിനെതിരെയുള്ള നാലാം ടെസ്റ്റിന്റെ അവസാന ദിനമായ ഇന്ന്, രണ്ട് വിക്കറ്റിന് 174 റൺസ് എന്ന നിലയിൽ ഇന്ത്യ രണ്ടാം ഇന്നിംഗ്സ് പുനരാംഭിക്കും. ശുഭ്മാൻ ഗില്ലും, കെ എൽ രാഹുലുമാണ് ക്രീസിൽ. ആദ്യ ഇന്നിങ്സിൽ 669 റൺസ് എടുത്ത ഇംഗ്ലണ്ട്, 331 റണ്ണിന്റെ കൂറ്റൻ ലീഡ് നേടിയിരുന്നു. അഞ്ച് മത്സരങ്ങളുടെ ടെസ്റ്റ് പരമ്പരയിൽ, രണ്ട് ജയവുമായി ഇംഗ്ലണ്ട് നിലവിൽ മുന്നിലാണ്.

&&&&&&&&&&&&&&&&

## BIHAR CM- SANITATION COMMISSION

ബീഹാറിൽ ശുചീകരണ തൊഴിലാളിക്കായി, സംസ്ഥാന ശുചിത്വ തൊഴിലാളി കമ്മീഷൻ രൂപീകരിക്കുന്നതായി മുഖ്യമന്ത്രി നിതീഷ് കുമാർ പ്രഖ്യാപിച്ചു. കമ്മീഷൻ ബീഹാർ രാജ്യ സഫായി കർമ്മചാരി ആയോഗ് എന്നറിയപ്പെടും.

&&&&&&&&&&&&&&&&

&&&&&&&&

&&